പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3004 13.03.2018 ൽ മറുപടിയ്ക്ക്

## മുൻസിപ്പൽ കോമൺ സർവ്വീസിലെ സ്ഥലമാറ്റ മാനദണ്ഡം

**ചോദ്യം** **ഉത്തരം**

ശ്രീ. മോൻസ് ജോസഫ്

ഡോ. കെ.റ്റി. ജലീൽ
ബഹു. തദ്ദേശ സ്വയംഭരണവും
ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ്
തീർത്ഥാടനവും വകുപ്പ മന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മുൻസിപ്പൽ കോമൺ സർവ്വീസിലെ സ്ഥലമാറ്റ മാനദണ്ഡം എന്നു മുതൽ നടപ്പാക്കി വരുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) | മുൻസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സ്ഥലംമാറ്റം/ നിയമനങ്ങൾക്കുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നത് സർക്കാരിന്റെ 04.04.2007 ലെ ജി.ഒ. (എം.എസ്) 105/2007/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരമായിരുന്നു. തുടർന്ന് സർക്കാരിന്റെ 25.02.2017 ലെ സ.ഉ(പി) 03/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം/നിയമനത്തിന് മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പരിഷ്കരിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് കേരളാ മുൻസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ 2017-18 മുതലുള്ള പൊതുസ്ഥലംമാറ്റങ്ങൾ നടത്തിവരുന്നത്. |
| ബി) | പ്രസ്തുത മാനദണ്ഡം സർക്കാർ ഉത്തരവ് നമ്പർ G.O.(P) No. 13/12/P&ARD 29.12.2012 തീയതിയിലെ ഉത്തരവിന് വിരുദ്ധമാണെന്നത് പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) | 25.02.2017 ലെ സ.ഉ(പി) 03/2017/ ഉ.ഭ.പ.വ. നമ്പർ ഉത്തരവ്, 29.02.2012-ലെ G.O.(P) No. 13/12/P&ARD എന്ന ഉത്തരവിന് വിരുദ്ധമല്ല. |

| | | | |
|---|---|---|---|
| (സി) | നിയമാനുസൃതമായി കുട്ടികളെ ദത്തെടുത്ത ജീവനക്കാർക്ക് നൽകിവരുന്ന സംരക്ഷണം മുൻസിപ്പൽ കോമൺ സർവ്വീസിലെ സ്ഥലമാറ്റ മാനദണ്ഡത്തിൽ ഉൾപ്പെടുത്താത്തത് പരിഹരിക്കുമോ; പ്രസ്തുത മാനദണ്ഡം കൂടി ചേർത്ത് ഉത്തരവ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) & (ഡി) | 25.02.2017 ലെ സ്ഥലമാറ്റം സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങൾ പ്രകാരം നിയമാനുസൃതമായി കുട്ടികളെ ദത്തെടുക്കുന്ന ജീവനക്കാരെ സ്ഥലംമാറ്റ മാനദണ്ഡത്തിന്റെ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിച്ചുവരുന്നുണ്ട്. |
| (ഡി) | ഇതു സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**